**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2043** **01-09-2022 - ൽ മറുപടിയ്ക്ക്**

**മാനാഞ്ചിറ–വെള്ളിമാട്കുന്ന് റോഡ് വികസനവുമായി ബന്ധപ്പെട്ട വിജിലൻസ് പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറ–വെള്ളിമാട്കുന്ന് റോഡിനുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് ലാൻഡ് അക്വിസിഷൻ തഹസിൽദാറുടെ ഓഫീസിനെതിരെയുള്ള എന്തെങ്കിലും അഴിമതിയാരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പരാതികളിന്മേൽ വിജിലൻസ് മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്. ഭൂമിയുടെ നഷ്ടപരിഹാരത്തുക അനുവദിച്ചതിൽ ക്രമക്കേട് നടന്നു എന്ന മറ്റൊരു പരാതിയിൽ, നടന്നുവരുന്ന വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ കൂടി ഉൾപ്പെടുത്തി അന്വേഷിക്കുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നതിനാൽ വിശദാംശങ്ങൾ നൽകാൻ നിർവ്വാഹമില്ല. |
| (ബി) | അതുമായി ബന്ധപ്പെട്ട് 2021 ഫെബ്രുവരി 23, 24 തീയതികളിൽ വിജിലൻസ് കോഴിക്കോട് യൂണിറ്റ് പ്രസ്തുത ഓഫീസിൽ മിന്നൽ പരിശോധന നടത്തിയിരുന്നോ; വ്യക്തമാക്കാമോ; | (ബി) | ഉത്തരം (എ) യിൽ നൽകിയിട്ടുള്ളതാണ്. |
| (സി) | എങ്കിൽ പ്രസ്തുത മിന്നൽ പരിശോധനയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | ഉത്തരം (എ) യിൽ നൽകിയിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത പരിശോധനയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടറേറ്റ് വിജിലൻസ് വകുപ്പിന് കത്ത് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | ഉത്തരം (എ) യിൽ നൽകിയിട്ടുള്ളതാണ്. |
| (ഇ) | അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ഇ) | ഉത്തരം (എ) യിൽ നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ